3091/2018/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി3-753/2013/സിഇ/തസ്വഭവ — തീയതി : 21/11/2018

# സർക്കുലർ

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - തസ്വഭവ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാങ്കേതികാനുമതി നൽകുന്നതിലെ പരിധി - സംബന്ധിച്ച്

സൂചന : 31.10.2018-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം ഇനം. 3.24.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 03.08.2018-ലെ 2137/18/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തസ്വഭവ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ വർക്കുകളുടെ പ്രൊജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയ്ക്ക് 20 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ അനുമതി നൽകിയിരുന്നു. നഗരസഭകളുടെ AMRUT പദ്ധതിയിൽ അനവധി ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അടങ്കൽ തുക 20 ലക്ഷം രൂപയിൽ കൂടുതൽ വരുന്നതിനാൽ, ടി പ്രവൃത്തികൾക്ക് കൂടി സാങ്കേതികാനുമതി നൽകേണ്ടത് പരിഗണിച്ച്, ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ഇലക്ട്രിക്കൽ കമ്മിറ്റിയുടെ പരിധി പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരം ഇലക്ട്രിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിധിയിലേയ്ക്ക് സൂചന പ്രകാരം തീരുമാനിച്ചു. ജില്ലാതലത്തിൽ അല്ലാതെ, മറ്റുതലത്തിൽ ടി കമ്മിറ്റി പുതുതായി രൂപീകരിക്കേണ്ടതില്ല എന്ന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ

P 1550